Transporta

milma

Malabar Regional Co-operative Milk Producers' Union Ltd.

Wayanad Dairy, Chuzhali, Kalpetta (P.O.), Wayanad District, Kerala - 673121

WYD/MKTG/TRN/105/26-27/335 19-05-2026

## പാൽ പാലുൽപ്പന്നങ്ങളുടെ വിതരണ വാഹനങ്ങളുടെ ട്രാൻസ്പോർട്ടേഷൻ റീ ടെണ്ടർ നോട്ടീസ്

### 1. റീ ടെണ്ടർ ക്ഷണം

1.1. മിൽമയുടെ മലബാർ മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയന്റെ വയനാട് ഡെയറിക്കു കീഴിൽ **നിലമ്പൂർ** ഡിപ്പോയിൽ പാൽ വിതരണത്തിനുള്ള ചരക്കു വാഹനങ്ങൾ പീസ് റേറ്റ് പ്രിൻസിപ്പൽ ടു പ്രിൻസിപ്പൽ ഇൻഡിപ്പെൻഡന്റ് ലേബർ കരാർ അടിസ്ഥാനത്തിൽ ഓടിക്കുന്നതിന് ആവശ്യമുണ്ട്.

1.2. താൽപ്പര്യമുള്ളവർക്ക് **നിലമ്പൂർ ഡിപ്പോയിൽ** നിന്നും **500** രൂപ (നികുതിയടക്കം) ക്ക് റീ ടെണ്ടർ ഫോറങ്ങൾ **20-05-2026** മുതൽ **30.05.2026 ന് ഉച്ചയ്ക്ക് 12 മണി വരെ** ലഭിക്കുന്നതാണ്. പൂരിപ്പിച്ച് മുദ്രവെച്ച റീ ടെണ്ടറുകൾ പ്രസ്തുത യൂണിറ്റിൽ **30.05.2026 ന് ഉച്ചയ്ക്ക് 1 മണിയ്ക്ക്** മുമ്പായി സമർപ്പിക്കേണ്ടതാണ്.

1.3. റീ ടെണ്ടറുകൾ **30.05.2026 ന് ഉച്ചയ്ക്ക് 2 മണിയ്ക്ക് നിലമ്പൂർ ഡിപ്പോയിൽ** വെച്ച് പരസ്യമായി തുറക്കുന്നതാണ്.

### 2. കോൺട്രാക്ട് കാലയളവ്

2.1 **വാഹനത്തിലേക്കുള്ള പഫ് ബോഡി കരാറുകാരൻ നൽകുന്ന റൂട്ടുകൾ** – നിലവിൽ **01.07.2026** മുതൽ **30.06.2028** വരെയാണ്. കരാർ കാലാവധി പൂർത്തിയായതിന് ശേഷം കരാർ പന്ത്രണ്ട് മാസത്തേക്ക് കൂടി നീട്ടാനുള്ള അവകാശം **MRCMPU**-വിൽ നിക്ഷിപ്തമാണ്. കരാറുകാരൻ അത്തരം ദീർഘിപ്പിച്ച കാലയളവിലേക്ക് യഥാർത്ഥ കരാറിലെ അതേ നിരക്കുകളിലും നിബന്ധനകളിലും വ്യവസ്ഥകളിലും കരാർ തുടരാൻ ബാധ്യസ്ഥനായിരിക്കും. കരാറുകാരന്റെ പ്രവർത്തനമികവും, പ്രകടനവും റൂട്ടിന്റെ പ്രവർത്തനക്ഷമതയും തൃപ്തികരമെങ്കിൽ കരാർ പരസ്പര സമ്മതത്തോടെ വീണ്ടും പന്ത്രണ്ട് മാസത്തേക്ക് കൂടി നീട്ടാവുന്നതാണ്.(ആകെ 4 വർഷം).

### 3. വിവിധ റൂട്ടുകളിൽ ആവശ്യമായ വാഹനങ്ങൾ

3.1. **വാഹന ഇനങ്ങൾ**

താഴെപ്പറയുന്ന ഇനത്തിൽപ്പെട്ട വാഹനങ്ങൾ ഉള്ളവർക്ക് റീ ടെണ്ടറിൽ പങ്കെടുക്കാം.

| വാഹനത്തിന്റെ ഭാരവാഹക ശേഷി | ആവശ്യമായ വാഹനങ്ങളുടെ എണ്ണം | പ്രതീക്ഷിക്കുന്ന വാഹന മോഡൽ |
|---|---|---|
| | PUF | |
| 3.0 ടൺ | 1 | TATA 407 അല്ലെങ്കിൽ തത്തുല്യം |

3.2. **പഴയതും പുതിയതുമായ വാഹനങ്ങളെ സംബന്ധിച്ച പ്രത്യേക നിബന്ധനകൾ.**

3.2.1 **നിലവിൽ മിൽമയുടെ കീഴിൽ കരാറിൽ ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങൾ**

ഇത്തരം വാഹനങ്ങൾ 2016–മാണ്ടിന് മുമ്പ് നിർമ്മിച്ചതാണെങ്കിൽ മിൽമ ട്രാൻസ്പോർട്ടിംഗ് ജോലികൾക്കായി വാഹനത്തിന്റെ ഉപയോഗക്ഷമത/പ്രവർത്തന കാര്യക്ഷമത യുക്തമാണെന്ന സാക്ഷ്യപത്രം ബന്ധപ്പെട്ട ഡെയറിയിലെ എഞ്ചിനിയറിംഗ് Head ൽ നിന്നും വാങ്ങി ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

3.3 **നിലവിൽ മിൽമയുടെ കീഴിൽ കരാറിൽ ഓടാത്ത വാഹനങ്ങൾ**

ഇത്തരം വാഹനങ്ങൾ 2016-ാം വർഷമോ അതിന് ശേഷമോ നിർമ്മിച്ചതായിരിക്കണം

3.3.1 **പുതിയതായി വാങ്ങാനുദ്ദേശിക്കുന്ന വാഹനങ്ങൾ**

പുതുതായി വാഹനങ്ങൾ വാങ്ങി കരാറിൽ ഏർപ്പെടുന്നതിനായി ടെണ്ടറിൽ പങ്കെടുക്കുന്നവർ വാഹനത്തിന്റെ രേഖകൾ സമർപ്പിക്കേണ്ടതില്ല. ടെണ്ടർ ലഭിച്ചാൽ 10 ദിവസങ്ങൾക്കകം വാഹനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. അത്തരത്തിൽ വിശദാംശങ്ങൾ നൽകിയ വാഹനത്തിന് മാത്രമേ കരാർ നൽകുകയുള്ളു.

3.3.2 പഴയ വാഹനത്തിന്റെ (2016 നു ശേഷമുള്ളത്) നിയമപരമായി നിലനിൽക്കുന്ന സെയിൽ ലെറ്റർ ഉള്ളടക്കം ചെയ്തും റീ ടെണ്ടറിൽ പങ്കെടുക്കാവുന്നതുമാണ്.

## 4. റൂട്ടുകൾ

പാൽ വിതരണ റൂട്ടുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ടി ടെണ്ടർ ഫോറത്തിന്റെ അവസാനം കൊടുത്തിരിക്കുന്നു.

## 5. റൂട്ടുകളെ സംബന്ധിച്ച വിശദീകരണം

**5.1.** പാൽ വിതരണ റൂട്ടുകൾ രണ്ടുതരമുണ്ട്. കിലോമീറ്റർ അടിസ്ഥാനത്തിൽ ഓടുന്നവയും ലിറ്റർ അടിസ്ഥാനത്തിൽ ഓടുന്നവയും. ഇവ ഏതൊക്കെയെന്ന് റൂട്ട് സംബന്ധിച്ച് അവസാനം കൊടുത്തിരിക്കുന്ന പട്ടികയിൽ കൊടുത്തിരിക്കുന്നു.

**5.2.** റൂട്ടുകളുടെ ദൂരം കാണിച്ചിരിക്കുന്നത് ഏകദേശ ദൂരമാണ്. 10 കിലോമീറ്റർ വരെ കൂട്ടുകയോ കുറയുകയോ ആവാം. യഥാർത്ഥ ദൂരം, കോൺട്രാക്റ്ററുടെയോ പ്രതിനിധിയുടെയോ സാന്നിധ്യത്തിൽ വാഹനം ഓടിച്ച് പരിശോധിച്ച് നിശ്ചയിക്കുന്നതിനനുസരിച്ചായിരിക്കും ബില്ല് പാസ്സാക്കുക. കോൺട്രാക്ട് കാലാവധിയിൽ ലിറ്റർ നിരക്കുകളിൽ 10 കിലോമീറ്റർ വരെ വർദ്ധനവുണ്ടായാൽ ആയതിന് പ്രത്യേകം നിരക്ക് വർദ്ധനവ് ലഭിക്കുന്നതല്ല.

**5.3.** വിതരണ റൂട്ടിലെ പഫ് വാഹനങ്ങൾ അവയുടെ രജിസ്ട്രേഷൻ ഡോക്യുമെന്റിൽ തന്നെ ക്ലോസ്ഡ് ബോഡി എന്ന് വ്യക്തമാക്കിയിരിക്കേണ്ടതാണ്.

**5.4.** കോൺട്രാക്റ്ററുടെ ഉടമസ്ഥതയിലുള്ള കണ്ടെയ്നറിന്റെ ഇൻഷൂറൻസ് ചിലവ് കോൺട്രാക്റ്റർ തന്നെ വഹിക്കേണ്ടതാണ്.

**5.5.** ഡീസൽ വില കൂടുകയോ കുറയുകയോ ചെയ്യുന്നതിനനുസരിച്ച് അതാത് വാഹനത്തിനായി ചുവടെ നിശ്ചയിച്ച മൈലേജ് പ്രകാരം വാടക പുനർനിശ്ചയിക്കുന്നതാണ്. ഡീസൽ വർദ്ധനവ് അനുവദിക്കുവാൻ കുറഞ്ഞത് 50 പൈസയെങ്കിലും ഡീസൽ വിലയിൽ വർദ്ധനവ് ഉണ്ടായിരിക്കേണ്ടതാണ്. ഡീസൽ വർദ്ധനവ് 50 പൈസയിൽ കുറയുന്ന പക്ഷം, അതിനുമുമ്പായി ഡീസൽ വില വർദ്ധിച്ചപ്പോൾ വാടക വർദ്ധന അനുവദിക്കാതെ ബാക്കി നിൽക്കുന്ന ഡീസൽ വർദ്ധനാ നിരക്ക് ഉൾപ്പെടെയുള്ള മൊത്തം വർദ്ധനവ് 50 പൈസയോ അതിൽ കൂടുതലോ ആകുന്ന മുറയ്ക്കു മാത്രമേ മേൽപ്പറഞ്ഞ വർദ്ധനവ് അനുവദിക്കുകയുള്ളു. മറ്റൊരു കാരണവശാലും നിരക്കുകളിൽ വർദ്ധന അനുവദിക്കുന്നതല്ല. ഈ വർദ്ധനവ് എല്ലാ മാസവും ഓരോ 15 ദിവസം കഴിയുമ്പോൾ മാത്രമേ അനുവദിക്കുകയുള്ളു.

| Insulated Vehicles (PUF) |
|---|
| 3 MT vehicles – 9 km/Ltr of Diesel |

## 6. റീ ടെണ്ടർ നിരക്കുകൾ സംബന്ധിയായ വിവരങ്ങൾ

**6.1.** പാൽ വിതരണത്തിനായി ഓടുന്ന 3 ടൺ വാഹനങ്ങളിൽ ഓരോ ട്രിപ്പിനും 270 ട്രേ വരെയും വരെ പാൽ ട്രാൻസ്പോർട്ടു ചെയ്യുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

**6.2.** ലിറ്റർ അടിസ്ഥാനത്തിൽ ഓടുന്ന റൂട്ടുകൾക്ക് ട്രാൻസ്പോർട്ടു ചെയ്യുന്ന ഓരോ ലിറ്റർ പാൽ, തൈര്, സംഭാരം, മറ്റു പാലുൽപ്പന്നങ്ങൾ എന്നിവയുടെ അളവിനനുസരിച്ചായിരിക്കും ട്രാൻസ്പോർട്ട് നിരക്ക് അനുവദിക്കുക.

6.3. ലിറ്റർ നിരക്കിൽ ഓടുന്ന ഓരോ റൂട്ടിനും ബാധകമായ പ്രതിദിന 'മിനിമം ഗ്യാരണ്ടി അളവ്', റൂട്ടുകളെ സംബന്ധിച്ച പട്ടികയിൽ കാണിച്ചിരിക്കുന്നു. ഓരോ അർധമാസത്തിലും ട്രാൻസ്പോർട്ടു ചെയ്ത പ്രതിദിന ശരാശരി ലിറ്റർ ഈ മിനിമം ഗ്യാരണ്ടിയിലും കുറവാണെങ്കിൽ പോലും, മിനിമം ഗ്യാരണ്ടി അളവ് പ്രകാരമുള്ള വാടക ലിറ്റർ നിരക്കു പ്രകാരം അനുവദിക്കുന്നതാണ്. അതിൽ കൂടുതലുള്ള അളവിന് ലിറ്ററിന് 40 പൈസയോ അഥവാ ലിറ്റർ നിരക്കോ ഏതാണോ കുറവ്, അത് പ്രകാരം അധികം വാടക ലഭിക്കും. ടെണ്ടർ തുറന്ന തീയതി മുതലുള്ള ഡീസൽ വില റീ ടെണ്ടറിലെ നിരക്കിന് ബാധകമാണ്.

6.4. കരാറുകാരന് ESI രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതാണ്. കരാറുകാരൻ തന്റെ ജീവനക്കാരുടെ ESI വിഹിതം അടച്ചതിന്റെ തെളിവുകൾ ഹാജരാക്കിയാൽ മാത്രമേ ട്രാൻപോർട്ടേഷൻ ബിൽ പാസ്സാക്കുകയുള്ളു.

6.5. ESI രജിസ്ട്രേഷന് ESI കോർപ്പറേഷൻ നിർദേശിച്ച എണ്ണം ജീവനക്കാർ കരാറുകാരന്റെ കീഴിൽ ഇല്ല എങ്കിൽ അതനുസരിച്ച് കരാറുകാരൻ മുദ്രപത്രത്തിൽ ഒരു സത്യവാങ്മൂലം എഴുതി നൽകേണ്ടതാണ്. ഇത്തരം സാഹചര്യത്തിൽ കരാറുകാരൻ ഏതെങ്കിലും നാഷണലൈസ്ട് ഇൻഷുറൻസ് കമ്പനിയിൽ, വാഹനത്തിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാർക്കും വർക്ക്മെൻ കോമ്പൻസേറ്ററി പോളിസി (WCC Policy) നിർബന്ധമായും ഹാജരാക്കേണ്ടതാണ്. ഇതിന്റെ തെളിവ് ഹാജരാക്കിയാൽ മാത്രമേ ട്രാൻപോർട്ടേഷൻ ബിൽ പാസ്സാക്കുകയുള്ളൂ.

6.6. കരാറുകാരന്റെ ബില്ലിൽ നിന്നും നിയമാനുസൃതമായ ആദായ നികുതി ഈടാക്കുന്നതാണ്. കരാറുകാർ ഇൻകം ടാക്സ് സംബന്ധിയായുള്ള PAN Card ആദ്യ ബില്ല് പാസ്സാക്കുന്നതിനു മുമ്പ് ഹാജരാക്കുവാൻ ബാധ്യസ്ഥനാണ്. കരാറുകാരൻ തന്റെ കൈവശം 10 എണ്ണത്തിൽ കുറവ് വാഹനങ്ങളാണ് ഉള്ളതെങ്കിൽ ആയത് സംബന്ധിച്ച് ഒരു സത്യവാങ്മൂലം എഴുതി നൽകേണ്ടതാണ്.

6.7. കരാറുകാരന്റെ ബില്ലിൽ നിന്നും എല്ലാ മാസവും താഴെ പറയുന്ന തുക "Marine Annual Turnover Policy" യ്ക്കു വേണ്ടി ഈടാക്കുന്നതാണ്. തുടർ വർഷങ്ങളിൽ ആയതിൽ വ്യതിയാനം വന്നാൽ ആനുപാതികമായ തുക ഈടാക്കി ഇൻഷ്വറൻസ് കമ്പനിയിൽ അടയ്ക്കുന്നതാണ്.

| Tonnage of Vehicle (MT) | 1 | 1.5 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 12 | 15 | 17 | 20 | 22 | 25 | 27 abo |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Premium/ Vehicle/ Month | 86 | 129 | 172 | 258 | 344 | 430 | 516 | 602 | 688 | 774 | 860 | 1032 | 1290 | 1462 | 1720 | 1892 | 2150 | 232 |

6.8. കരാറുകാരൻ തന്റെ വാഹനത്തിൽ ഭക്ഷണ പദാർത്ഥങ്ങൾ ട്രാൻസ്പോർട്ട് ചെയ്യുന്നതിനാവശ്യമായ ഭക്ഷ്യസുരക്ഷ നിയമ പ്രകാരമുള്ള ലൈസൻസ്/രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. ആയതിന്റെ കോപ്പി ഡെയറി മാനേജർക്ക് ആദ്യ ബില്ലിനൊപ്പം സമർപ്പിക്കേണ്ടതുമാണ്.

## 7. റീ ടെണ്ടർ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

7.1. നിലവിലുള്ള വാഹനമുപയോഗിച്ച് കരാർ നടത്തുവാൻ ആഗ്രഹിക്കുന്നവർ റീ ടെണ്ടറിൽ പങ്കെടുക്കുമ്പോൾ അവരുടെ വാഹന രജിസ്ട്രഷൻ നമ്പർ ടെണ്ടറിൽ കാണിച്ചിരിക്കണം. വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ബുക്കിൽ (RC Book) ഉടമസ്ഥത തെളിയിക്കുന്ന ഭാഗം, വാഹനത്തിന്റെ നിർമ്മാണ വർഷം എന്നിവ കാണിക്കുന്ന ഫോട്ടോസ്റ്റാറ്റ് രേഖകൾ റീ ടെണ്ടറിനൊപ്പം സമർപ്പിക്കണം.

7.2. നിശ്ചയമായും രജിസ്ട്രേഷൻ ബുക്കിൽ പേരു കാണിച്ച പ്രകാരമുള്ള ഉടമസ്ഥനും കരാർ ഏറ്റെടുക്കുന്ന ആളും ഒരാൾ തന്നെ ആയിരിക്കണം. മറ്റൊരാളുടെ പേരിലുള്ള വാഹനം ഉപയോഗിച്ചുകൊണ്ട് ഇത്തരം റൂട്ടുകൾ ഓടുവാൻ അനുവദിക്കുന്നതല്ല.

7.2.1. പഴയ വാഹനം ഉപയോഗിച്ച് റീ ടെണ്ടറിൽ പങ്കെടുക്കുകയും പ്രസ്തുത വാഹനം നിലവിൽ റീ ടെണ്ടർ സമർപ്പിക്കുന്ന ആളുടെ ഉടമസ്ഥതയിൽ ഉള്ളതല്ല എങ്കിൽ നിയമാനുസൃതമായ വിൽപ്പന എഗ്രിമെന്റ് (സെയിൽ ലെറ്റർ) ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്. കരാർ ലഭിക്കുന്ന പക്ഷം പ്രസ്തുത വാഹനം തന്നെ സ്വന്തം പേരിൽ രജിസ്റ്റർ ചെയ്ത് സർവ്വീസിന് നൽകേണ്ടതാണ്. ഇത്തരം സാഹചര്യത്തിൽ RTO സംബന്ധമായ അനുമതികൾക്ക് വേണ്ടിവരുന്ന ചിലവ് കരാറുകാരൻ വഹിക്കേണ്ടതാണ്. വാഹനം സ്വന്തം ഉടമസ്ഥതയിൽ മാറ്റിക്കൊണ്ടുള്ള രേഖകൾ കരാർ ലഭിച്ച് രണ്ട് മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

7.2.2. നിലവിൽ മിൽമയിൽ കരാറിൽ ഓടിക്കൊണ്ടിരിക്കുന്ന വാഹനം വാങ്ങി കരാറെടുക്കാൻ താൽപര്യപ്പെടുന്നവർ സെയിൽ ലെറ്റർ സമർപ്പിക്കേണ്ടതും കരാർ ലഭിച്ച് രണ്ട് മാസത്തിനകം വാഹനം സ്വന്തം ഉടമസ്ഥതയിലേയ്ക്ക് മാറ്റിയതിന്റെ രേഖകൾ സമർപ്പിക്കേണ്ടതുമാണ്.

7.3. ഒരേ വാഹനം കാണിച്ചുകൊണ്ട് ഒന്നിലധികം റൂട്ടുകളിൽ റീ ടെണ്ടർ സമർപ്പിക്കാം. ഓരോന്നിനും പ്രത്യേകം വെയ്ക്കണം. എന്നാൽ പല റൂട്ടുകളിൽ ഒരേ വാഹനം കരാറിന് പരിഗണിക്കപ്പെടാൻ യോഗ്യമാവുകയാണെ ഏതു റൂട്ടിൽ കരാർ നൽകണമെന്ന് മിൽമ നിശ്ചയിക്കുന്നതാണ്.

7.4. പുതിയതായി വാഹനം വാങ്ങാനുദ്ദേശിക്കുന്നവർക്കും റീ ടെണ്ടറിൽ പങ്കെടുക്കാം. അത്തരം മത്സരാർത്ഥികൾ പുതിയ വാഹനം സംബന്ധിയായ വിവരങ്ങൾ റീ ടെണ്ടറിൽ കാണിച്ചിരിക്കണം. (ഇത് പൂരിപ്പിക്കുവാനുള്ള ഭാഗം നിരക്ക് എഴുതുന്ന പേജിൽ തന്നെ ഉണ്ട്.) പുതുതുതായി വാങ്ങുന്ന വാഹനത്തിനായുള്ള പെർഫോർമ ഇൻവോയ്സ് റീ ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

7.5. നിലവിൽ രജിസ്ട്രേഷനുള്ള വാഹനത്തിന്റെ നമ്പരോ, റീ ടെണ്ടർ ലഭിച്ചു കഴിഞ്ഞാൽ വാഹന കമ്പനികളിൽ നിന്നും പുതിയതായി വാങ്ങാനുദ്ദേശിക്കുന്ന വാഹനത്തിന്റെ വിവരമോ റീ ടെണ്ടറിൽ കാണിച്ചു കഴിഞ്ഞാൽ പിന്നെ കരാർ നടത്തിപ്പിന് പ്രസ്തുത വാഹനം തന്നെ ഉപയോഗിക്കാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും. ഓരേ റൂട്ടിൽ ഒരേ വാഹനം കാണിച്ച് ഒന്നിലധികം റീ ടെണ്ടർ സമർപ്പിച്ചാൽ അത്തരം ഒരു റീ ടെണ്ടറും പരിഗണിക്കപ്പെടുന്നതല്ല.

7.6. ഒരേ റൂട്ടിൽ ഒരാൾ തന്നെ വ്യത്യസ്ഥ വാഹനങ്ങൾ കാണിച്ച് റീ ടെണ്ടർ സമർപ്പിക്കുകയും അവയിലൊന്ന് ഏറ്റവും കുറഞ്ഞ നിരക്കായി വിജയിക്കുകയും ചെയ്താൽ ആ നിരക്കിൽ തന്നെ ടിയാൻ വാഹനം ഓടിക്കേണ്ടതാണ്. കുറഞ്ഞ നിരക്കിലോടുന്ന വാഹനം പിൻവലിച്ചാൽ പിന്നെ പ്രസ്തുത റൂട്ടിൽ ടിയാന്റെ മറ്റൊരു റീ ടെണ്ടറും പരിഗണിക്കുന്നതല്ല.

7.7. റീ ടെണ്ടറിൽ വിജയിക്കുന്നവർ, കരാറുറപ്പിക്കുന്ന റൂട്ടിൽ വാഹനമോടിക്കുവാൻ ബാധ്യസ്ഥമാണ്. കരാർ നൽകിക്കൊണ്ടുള്ള ഉത്തരവ് പ്രകാരമുള്ള നിബന്ധനകൾ നിശ്ചിത സമയത്തിനകം പാലിക്കാത്തവരുടെ നിരതദ്രവ്യം (EMD- Earnest Money Deposit) തിരികെ ലഭിക്കുന്നതല്ല.

7.8. കരാർ ലഭിക്കാത്തവർക്ക് EMD രണ്ടു മാസത്തിനകം ബാങ്ക് അക്കൗണ്ടിൽ കൂടി മാത്രം മാറാവുന്ന വിധത്തിലുള്ള ചെക്കായി / അക്കൗണ്ട് വിവരങ്ങൾ സമർപ്പിക്കുന്ന പക്ഷം ഓൺലൈനായി മടക്കി ലഭിക്കുന്നതാണ്.

7.9. മിൽമ ജീവനക്കാർക്കോ മിൽമയിൽ അഫ്ലിയേറ്റ് ചെയ്തിട്ടുള്ള ക്ഷീരസംഘങ്ങളിലെ ജീവനക്കാർക്കോ റീ ടെണ്ടറിൽ പങ്കെടുക്കാൻ യോഗ്യത ഉണ്ടായിരിക്കുന്നതല്ല.

## 8. റീ ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ.

8.1. നിരതദ്രവ്യം (EMD) അടച്ചതിന്റെ രസീത് അഥവാ Managing Director, MRCMPU Ltd എന്ന പേരിലുള്ള കോഴിക്കോട് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ്.

8.2. വാഹനത്തിന്റെ നിർമ്മാണ വർഷം വ്യക്തമാക്കുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പേജിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി.

8.3. നിലവിൽ ഡയറിയിൽ കരാറിൽ ഓടുന്ന വാഹനം 2016-മാണ്ടിന് മുമ്പ് നിർമ്മിച്ചതാണെങ്കിൽ പ്രവർത്തന ക്ഷമത സംബന്ധിച്ച് ബന്ധപ്പെട്ട മിൽമ ഉദ്യോഗസ്ഥന്റെ വിലയിരുത്തൽ സാക്ഷ്യപത്രം.

8.4. വാഹനം റീ ടെണ്ടർ സമർപ്പിക്കുന്ന ആളുടെ പേരിലുള്ളതാണെന്ന് വ്യക്തമാക്കുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പേജിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി.

8.5. പുതുതുതായി വാഹനം വാങ്ങാനുദ്ദേശിക്കുന്നവർ പുതിയ വാഹനത്തിന്റെ പ്രൊഫോർമ ഇൻവോയ്സ്.

8.6. പഴയ വാഹനം വാങ്ങാനുദ്ദേശിക്കുന്നവർ വിൽപ്പന കരാർ രേഖ (സെയിൽ ലെറ്റർ)

## 9. കരാർ നടത്തിപ്പിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

9.1. അവധി ദിവസങ്ങൾ, ഹർത്താൽ, ബാങ്ക് പണിമുടക്കു ദിവസങ്ങൾ എന്നിങ്ങനെയുള്ള ദിവസങ്ങൾ ഉൾപ്പെടെ വർഷത്തിൽ എല്ലാ ദിവസവും വാഹനങ്ങൾ ഓടിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥമാണ്.

9.2. അപ്രതീക്ഷിതമായ സാഹചര്യത്തിൽ ട്രിപ്പ് ഒഴിവാക്കേണ്ടി വരികയാണെങ്കിൽ ടി ട്രിപ്പിന് ഐഡിലിംഗ് ചാർജ് അനുവദിക്കുന്നതല്ല.

9.3. ബ്രേക്ക് ഡൗൺ, റിപ്പയർ, അപകടം, അഥവാ മറ്റു കാരണങ്ങൾ ഇവയാൽ ട്രിപ്പ് നടത്തിപ്പിനായി പതിവു വാഹനം ലഭ്യമല്ലാതെ വന്നാലോ, ഓട്ടം ട്രിപ്പിനിടയിൽ നിർത്തേണ്ടി വന്നാലോ ബദൽ സംവിധാനം ഏർപ്പാടാക്കി പാൽ സംഭരണവും വിതരണവും ബന്ധപ്പെട്ട മറ്റു കാര്യങ്ങളും മുടക്കമോ താമസമോ കൂടാതെ നടത്തുവാൻ കരാറെടുക്കുന്നവർ ബാധ്യസ്ഥമായിരിക്കും.

9.4. മേൽക്കാര്യങ്ങളിൽ വീഴ്ച വരുത്തുന്നതു മൂലമുള്ള നഷ്ടം കരാറുകാരനിൽ നിന്നും യുക്തമായ രീതിയിൽ ഈടാക്കുന്നതായിരിക്കും. വാഹനം കൈകാര്യം ചെയ്യുന്നതിലെ അപാകത മൂലം മിൽമയുടെ സ്ഥാവരജംഗമ വസ്തുക്കൾക്കു വരുന്ന നഷ്ടവും ഇപ്രകാരം ഈടാക്കുന്നതാണ്.

9.5. പാൽ വിതരണ സംബന്ധിയായി കരാറുകാരനെ ഏൽപ്പിക്കുന്ന എല്ലാ വസ്തുക്കളും കൃത്യമായ കണക്കു പ്രകാരം ഉദ്ദേശിക്കപ്പെട്ട രീതിയിൽ ക്രയവിക്രയം ചെയ്യേണ്ടതാണ്. തിരിച്ചേൽപ്പിക്കുവാൻ ബാധ്യസ്ഥമായവ കരാറുകാരനിൽ നിന്നും ലഭിക്കാതെ പോയാൽ അവയുടെ വില കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.

9.6. മോഷണം, തൃപ്തികരമല്ലാത്ത പെരുമാറ്റം, തൃപ്തികരമായ സേവനം നൽകാതിരിക്കൽ, സുരക്ഷിതത്വ കാരണങ്ങൾ മുതലായവ കാരണം കരാറുകാരന്റെ എന്തെങ്കിലും ജീവനക്കാരനെ ജോലിയിൽ നിന്നും മാറ്റി നിർത്തണമെന്നു മിൽമ ആവശ്യപ്പെട്ടാൽ അപ്രകാരം ചെയ്യുവാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.

9.7. മൊബൈൽ റൂട്ടുകളിൽ വിതരണത്തിനാവശ്യമായ പാലിന്റെയും ഉൽപ്പന്നങ്ങളുടെയും പണം കരാറുകാരൻ മുൻകൂർ അടവാക്കി അവ ഏറ്റുവാങ്ങിക്കൊണ്ടുപോയി നിശ്ചയിക്കപ്പെട്ട റൂട്ടിൽ സ്വന്തമായി വിതരണം ചെയ്യേണ്ടതാണ്.

9.8. വിതരണ വാഹനത്തിൽ കയറ്റുന്നതിനായി മിൽമയുടെ ജീവനക്കാർ ഡെസ്പാച്ച് ഡോക്കിൽ അട്ടി വെയ്ക്കുന്ന പാലും പാലുൽപ്പന്നങ്ങളും ഡെസ്പാച്ച് ഷീറ്റിൽ പറയുന്നതു പ്രകാരം പാൽ വിതരണ വാഹനത്തിൽ കയറ്റേണ്ടത് ബന്ധപ്പെട്ട വാഹന ജോലിക്കാരായിരിക്കും. വിതരണ വാഹനത്തിലെ പാൽ ഡീലർമാർക്ക് അവരുടെ കടകളിൽ ഇറക്കി നൽകേണ്ട ഉത്തരവാദിത്വം വാഹന കോൺട്രാക്ടർക്ക് ആയിരിക്കും.

9.9. പാൽ വിതരണം കഴിഞ്ഞ് തിരികെയെത്തുന്ന ട്രേകൾ, ക്യാനുകൾ ക്രേറ്റുകൾ, വിതരണ സംബന്ധിയായ മറ്റു കണ്ടെയ്നറുകളും സാമഗ്രികളും എന്നിവ 'റിട്ടേൺ' നൽകി അപ്പപ്പോൾ കണക്ക് ബോധിപ്പിക്കേണ്ടത് കരാറുകാരന്റെ ജീവനക്കാരുടെ ചുമതലയായിരിക്കും. ഇവയുടെ എണ്ണത്തിൽ കുറവ് വന്നാൽ ആയതിന്റെ മാർക്കറ്റ് വില കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.

9.10. പാൽ വിതരണ റൂട്ടുകളിൽ ഡീലർമാരിൽ നിന്നും പണവും ഓഡറുകളും പാൽ വിതരണം നടക്കുമ്പോൾ തന്നെ സ്വീകരിച്ചു വരേണ്ടത് കരാറുകാരന്റെ ചുമതലയായിരിക്കും. ഇതിനായി ബന്ധപ്പെട്ട യൂണിറ്റുകളിൽ നിന്നും നൽകുന്ന ബില്ലിംഗ് മെഷീൻ ഉപയോഗിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ബില്ലിംഗ് മെഷീൻ സ്വീകരിച്ച പണവും ഓഡറുകളും ബില്ലിംഗ് മെഷീൻ സഹിതം ട്രിപ്പ് അവസാനിക്കുമ്പോൾ തന്നെ ബന്ധപ്പെട്ട യൂണിറ്റുകളിലെ ക്യാഷ് കൗണ്ടറിൽ ഏൽപ്പിച്ച് രസീതു വാങ്ങേണ്ടതാണ്. കരാറുകാരൻ ബില്ലിംഗ് മെഷീനിൽ സ്വന്തം പേരിൽ എടുത്ത "SIM Card" ഉപയോഗിക്കേണ്ടതാണ്. ഇതിനു വരുന്ന പ്രതിമാസ ചെലവ് 150 രൂപ വരെ യൂണിയൻ വഹിക്കുന്നതാണ്. പാൽ വിതരണ റൂട്ടുകളിൽ നൽകിയിരിക്കുന്ന ബില്ലിംഗ് മെഷീനുകൾ കോൺട്രാക്ടറും ജീവനക്കാരും വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതും, എന്തെങ്കിലും കാരണവശാൽ ബില്ലിംഗ് മെഷീനുകൾക്ക് കേടുപാടുകളോ റിപ്പയറുകളോ സംഭവിക്കുകയാണെങ്കിൽ ആയതിന്റെ റിപ്പയർ ചാർജ് കോൺട്രാക്ടറിൽ നിന്നും ഈടാക്കുന്നതാണ്. ഡീലർമാരിൽ നിന്നും ക്യാഷ് സ്വീകരിക്കുമ്പോൾ ബില്ലിംഗ് മെഷീനിൽ നിന്നുള്ള ബില്ല് നിർബന്ധമായും ഡീലർമാർക്ക് നൽകേണ്ടതാണ്.

9.11. കരാറുകാരൻ തന്റെ വാഹനത്തിൽ GPS സംവിധാനം ഘടിപ്പിക്കേണ്ടതും ആയതിന്റെ പാസ്‌വേർഡ്/മറ്റു വിവരങ്ങളും ഡെയറിയിൽ അറിയിക്കേണ്ടതുമാണ്.

9.12. പതിവായ രീതിയിൽ കൃത്യസമയത്ത് പാൽ വിതരണം നടത്തുന്നതിൽ കരാറുകാരന്റെ ഭാഗത്തുനിന്നും വീഴ്ച വന്നാൽ ബദൽ സംവിധാനങ്ങൾ മിൽമ ഏർപ്പെടുത്തുകയാണെങ്കിൽ അതിന്റെ മുഴുവൻ അധികച്ചിലവും കരാറുകാരൻ വഹിക്കേണ്ടി വരുന്നതാണ്.

9.13. നിശ്ചയിക്കപ്പെട്ട റൂട്ടിൽ ഒരു ട്രിപ്പിൽ കൂടുതൽ വാഹനം ഓടേണ്ട സാഹചര്യമുണ്ടെങ്കിൽ, നിശ്ചയിക്കപ്പെട്ട നിരക്കിൽ തന്നെ കൂടുതൽ ട്രിപ്പുകൾ ഓടിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥമായിരിക്കും.

9.14. സമയാസമയങ്ങളിലെ RTO യുടെ പുതുക്കിയ നിർദ്ദേശങ്ങൾ പാലിക്കാൻ കരാറുകാർ ബാധ്യസ്ഥരാണ്.

9.15. പാൽ വിതരണ വാഹനങ്ങളിലെ പഫ് ബോഡിയിൽ പരസ്യം നൽകുന്നതിന് യൂണിയന് അവകാശം ഉണ്ടായിരിക്കുന്നതാണ്. പരസ്യം നൽകുന്നതിനുള്ള ചിലവ് അതാത് ഡെയറികൾ വഹിക്കുന്നതാണ്. പരസ്യം നൽകുന്നതിനുള്ള NOC ബന്ധപ്പെട്ട കോൺട്രാക്ടർ ഡെയറികൾക്ക് നൽകേണ്ടതാണ്.

9.16. കരാറുകാരനും MRCMPU ഉം തമ്മിൽ തർക്കങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ, അത് പരിഹരിക്കപ്പെടേണ്ടത് വയനാട് കോടതി അധികാരപരിധിയിൽ ആയിരിക്കണം.

9.17. കോൺട്രാക്ട് നടത്തിപ്പിനായി ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് Third Party Insurance കോൺട്രാക്ട് കാലാവധിയിൽ ഉടനീളം ഉണ്ടായിരിക്കേണ്ടതാണെന്നും, അതിൽ ഏതെങ്കിലും തരത്തിൽ ലംഘനം ഉണ്ടാവുകയാണെങ്കിൽ അതുമായി ബന്ധപ്പെട്ടുവരുന്ന എല്ലാ ചെലവുകളും വഹിക്കാൻ കോൺട്രാക്ടർ ബാധ്യസ്ഥനാണ്.

9.18. കോൺട്രാക്ട് കാലാവധി അവസാനിക്കുന്നതിന് മുമ്പ് കോൺട്രാക്ടർ തന്നിഷ്ട പ്രകാരം കോൺട്രാക്ട് അവസാനിപ്പിക്കുകയാണെങ്കിൽ പുതിയ കോൺട്രാക്ട് വിളിക്കാനും പകരം പാർട്ടിയെ കണ്ടെത്തി കരാറിൽ ഏർപ്പെടാനും അതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീകരിക്കാനും സ്ഥാപനത്തിന് വരുന്ന അധിക ചെലവ് വഹിക്കാൻ കോൺട്രാക്ടർ ബാധ്യസ്ഥനാണ്. ഇതുകൂടാതെ കോൺട്രാക്ടറുടെ കുടിശ്ശികയുള്ള ബില്ലുകളും, Security Deposit ഉം കണ്ടുകെട്ടുന്നതുമായിരിക്കും.

9.19. റൂട്ട് പുനഃക്രമീകരണം ആവശ്യമാണെങ്കിലോ, റൂട്ടിന്റെ പ്രവർത്തനക്ഷമത തൃപ്തികരമല്ലെങ്കിലോ, കരാറുകാരന്റെ പ്രവർത്തനം തൃപതികരമല്ലെങ്കിലോ, കരാറുകാരന്റെ പ്രവർത്തനം MRCMPU ന്റെ താൽപ്പര്യങ്ങൾ ലംഘിക്കുന്നതായി കണ്ടെത്തിയാലോ മൂന്ന് മാസത്തെ മുൻകൂർ അറിയിപ്പ് നൽകി കരാർ അവസാനിപ്പിക്കാനുള്ള അവകാശം ഡെയറി മാനേജരിൽ നിക്ഷിപ്തമാണ്.

## 10. എഗ്രിമെന്റ്

കരാർ ലഭിക്കുന്നവർ നിശ്ചിത തിയതിക്കകം മിൽമയിൽ സെക്യൂരിറ്റി അടവാക്കി സ്വന്തം ചിലവിൽ എഗ്രിമെന്റ് വെക്കേണ്ടതാണ്. വീഴ്ച വരുത്തിയാൽ അതിനാൽ തന്നെ റീ ടെണ്ടർ റദ്ദാവുന്നതാണ്.

കരാറുകാരനുമായി ഏർപ്പെടുന്ന കരാറിലെ നിബന്ധനകളോ/ ഉപാധികളോ ഇരു കക്ഷികളുടെയും പരസ്പര ധാരണ പ്രകാരം മാറ്റങ്ങൾ വരുത്തുവാൻ ഡെയറി മാനേജർക്ക് അധികാരമുള്ളതായിരിക്കും.

## 11. EMD & Security

ടെണ്ടർ സമർപ്പിക്കുന്നവർ പൂരിപ്പിച്ച റീ ടെണ്ടർ ഫോറത്തിനൊപ്പം താഴെപ്പറയുന്ന പ്രകാരം നിരതദ്രവ്യവും (EMD-Earnest Money Deposit), കരാർ ഉറപ്പിച്ച് ഉത്തരവ് ലഭിക്കുന്നവർ താഴെപ്പറയുന്ന പ്രകാരം സെക്യൂരിറ്റി തുകയും(DD/Cash) സമർപ്പിക്കണം.

| വാഹന ഇനം | സെക്യൂരിറ്റി തുക | |
|---|---|---|
| | EMD രൂപ | ക്യാഷ് കളക്ഷൻ ചുമതലയുള്ള പാൽ വിതരണ റൂട്ടുകൾ |
| 3.0 MT | Rs.7,500/- | Rs.1,20,000/- |

## 12. റൂട്ടുകൾ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | റൂട്ട് | കപ്പാസിറ്റി | പഫ് കണ്ടൈനെർ | ടെണ്ടർ നിരക്ക് ലിറ്റർ/കി.മി | ഓടുന്ന ആകെ കിലോ മീറ്റർ | മിനിമം അഷ്വാർഡ് ക്വാണ്ടിറ്റി | കരാർ കാലാവധി |
|---|---|---|---|---|---|---|---|
| 1 | കാവന്നൂർ എ എം + കാവന്നൂർ പി എം | 3MT | കോൺട്രാക്ടറുടെ | ലിറ്റർ നിരക്ക് | 155 | 4600 | 01.07.2026 മുതൽ 30.06.2028 വരെ |

ഡയറി മാനേജർ

റീ ടെണ്ടർ സമർപ്പിക്കാനുള്ള ഫോറം (മറ്റു പേജുകളും ഓരോ പേജിലും ഒപ്പിട്ട് ഒപ്പം സമർപ്പിക്കണം)

1. റീ ടെണ്ടർ സമർപ്പിക്കുന്ന റൂട്ടിന്റെ പേര്: ----------------------------------------------------

2. റീ ടെണ്ടർ സമർപ്പിക്കുന്ന ആളിന്റെ പേരും മേൽവിലാസവും : ------------------------------

---------------------------------------------------------------------------------------------

ഫോൺ: Land line (with STD Code)------------------------ Mob---------------------

3. കരാർ നടത്തിപ്പിന് ഉദ്ദേശിക്കുന്നത് ഇപ്പോൾ രജിസ്ട്രേഷനുള്ള വാഹനമാണെങ്കിൽ അതിന്റെ

നമ്പർ----------------------------------- നിർമ്മാണ വർഷം-------------------------------

4. കരാർ നടത്തുന്നതിന് ഉദ്ദേശിക്കുന്നത് ഇപ്പോൾ രജിസ്ട്രേഷനില്ലാത്ത പുതിയ വാഹനം വാങ്ങിയിട്ടാണെങ്കിൽ ആയതിന്റെ തെളിവിലേയ്ക്ക് സമർപ്പിക്കുന്ന രേഖയുടെ വിവരണം.

------------------------------------------------------------------------------------------

5. റീ ടെണ്ടർ സമർപ്പിക്കുന്ന റൂട്ടിന് ഉദ്ദേശിക്കുന്ന നിരക്ക്

| | ലിറ്റർ നിരക്ക് റൂട്ട് | കിലോമീറ്റർ നിരക്ക് റൂട്ട് |
|---|---|---|
| നിരക്ക് അക്കത്തിൽ | ...................... രൂപ<br>........................പൈസ ലിറ്ററിന് | .......................... രൂപ<br>.....................പൈസ കിലോമീറ്ററിന് |
| നിരക്ക് അക്ഷരത്തിൽ | ....................................................രൂപ<br>..................................പൈസ ലിറ്ററിന് | ......................................................രൂപ<br>...........................പൈസ കിലോമീറ്ററിന് |

6. റീ ടെണ്ടർ സമർപ്പിക്കുന്നയാളിന്റെ തീയതിവെച്ചുള്ള ഒപ്പ്: